## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*125 — 06/03/2018- ൽ മറുപടിയ്ക്ക്

### കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അനിൽ അക്കര<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ ഉല്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ന്യായവില ലഭിക്കുന്നുണ്ടോ; വിശദീകരിക്കുമോ; ഇല്ലെങ്കിൽ ന്യായവില ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ ഉല്പാദന ചിലവിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ന്യായവില ലഭിക്കുന്നില്ല. ന്യായ വില ഉറപ്പാക്കുന്നതിനുവേണ്ടി നെല്ലിനും കൊപ്രയ്ക്കും താങ്ങുവില നൽകിവരുന്നു. റബ്ബറിന് റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് നൽകുന്നുണ്ട്. വിപണി ഇടപെടലിലൂടെ പച്ചത്തേങ്ങാ സംഭരിച്ചു കൊണ്ടും പച്ചക്കറികൾക്ക് ഉത്സവ സീസണുകളിൽ ക്രമാതീതമായി വില വർദ്ധിക്കുന്നത് പിടിച്ചു നിർത്തുന്നതിനും കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനും വേണ്ടി വിപണി ഇടപെടൽ പദ്ധതി നടപ്പിലാക്കിക്കൊണ്ടും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) നാണ്യവിളകളുടെ വിലത്തകർച്ച കർഷകരെ കടക്കെണിയിലേക്കും ആത്മഹത്യയിലേക്കും നയിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (ബി) നാണ്യവിളകളുടെ വിലത്തകർച്ച കർഷകരെ കടക്കെണിയിലേയ്ക്കും ആത്മഹത്യയിലേയ്ക്കും നയിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കുരുമുളകിനും ഏലത്തിനും ഉണ്ടായി ട്ടുള്ള വിലത്തകർച്ചയ്ക്ക് കാരണ മെന്താണ്; | (സി) | കുരുമുളകിനും ഏലത്തിനുമുണ്ടായ വിലത്തകർച്ചയ്ക്കുള്ള പ്രധാന കാരണം കേന്ദ്രസർക്കാർ പിൻതുടർന്നു വരുന്ന തെറ്റായ ഇറക്കുമതി നയവും അന്താരാഷ്ട്ര കരാറുകളുമാണ്. ലോക വിപണിയിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ അപര്യ പ്തമാണ്. |
| (ഡി) | സംസ്ഥാനത്തെ പച്ചക്കറി കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കിയിട്ടുണ്ടോ; അവ ന്യായവില നൽകി വാങ്ങുന്നതിനുള്ള സർക്കാർ സംവിധാനങ്ങൾ എന്തൊക്കെയാണ്; | (ഡി) | ഉണ്ട്. പച്ചക്കറി കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് വിപണി ഇടപെടൽ എന്ന പദ്ധതിയിലൂടെ കൃഷി വകുപ്പ്, HORTICORP, VFPCK എന്നിവരുടെ സഹകരണത്തോടെ ഓണം, ബക്രീദ്, വിഷു എന്നീ ഉത്സവ സീസണുകളിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറി കൾക്ക് 10-20% വരെ പൊതു വിപണി വിലയേക്കാൾ കൂട്ടി നൽകു കയും, ഉപഭോക്താക്കൾക്ക് 10-30% വരെ കുറച്ച് നൽകിയും വിതരണം ചെയ്യുന്നു. |
| (ഇ) | നിലവിലെ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി കർഷകരുടെ ജീവിതാഭിവൃദ്ധിക്ക് ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്ന തിന് നടപടി സ്വീകരിക്കുമോ? | (ഇ) | നിലവിലുള്ള സംവിധാനം കൂടുതൽ ശക്തിപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യ മായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പി ലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**